**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **520 - 05.06.2018**-ൽ മറുപടിയ്ക്ക്

**<u>ദീപ.പി.എസിന് അവശതാ അവധി അനുവദിക്കാൻ നടപടി</u>**

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.റ്റി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | കൊല്ലം ജില്ലയിലെ വിളക്കുടി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ് ആയി സേവനം നോക്കുന്ന ശ്രീമതി ദീപ.പി.എസ്, 2014 ആഗസ്റ്റ് 26 ന് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ സേവനകാലത്ത് എച്ച്.ഐ.വി. ബാധിതനായ ഒരാളുടെ ശസ്ത്രക്രിയക്ക് സഹായിക്കുന്നതിനിടെ ഓപ്പറേഷൻ തീയറ്ററിൽ വച്ച് കണ്ണിനുള്ളിലും ശരീരത്തിലും എച്ച്.ഐ.വി. ബാധിതന്റെ രക്തം തെറിച്ചുവീണ് രോഗിയായി മാറിയതിനെത്തുടർന്നുണ്ടായ അവശതകളുടെ ചികിത്സാ കാലഘട്ടം അവശതാ അവധിയായി പരിഗണിച്ച് ഉത്തരവുണ്ടാകണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് മുഖേന ധനകാര്യ വകുപ്പ് റൂൾസ് വിഭാഗത്തിന് സമർപ്പിച്ച ഫയൽ 606451/17 ഫയലിന്മേൽ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ; | ശ്രീമതി.പി.എസ്.ദീപയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിന്മേൽ ആരോഗ്യവകുപ്പിന്റെ അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കെ.എസ്.ആർ. ചട്ടം 98 ന്റെ പരിധിയിൽ ഇത്തരം ചികിത്സകൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും വിഷയത്തിന്റെ ഗൗരവം പരിഗണിച്ചും മാനുഷിക പരിഗണന നൽകിയും ദീപയ്ക്ക് അവശതാ അവധി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | |

| | | |
|---|---|---|
| (സി) | അപകടകരമായ സാഹചര്യങ്ങളിൽ തൊഴിലെടുക്കുകയും അതിന്റെ ഫലമായുണ്ടായ രോഗബാധയെത്തുടർന്ന് Post Exposure Prophylaxis Treatment-ന് വിധേയയാകുകയും ചെയ്ത ദീപയുടെ അപേക്ഷയുടെ വെളിച്ചത്തിൽ അവർക്ക് അവശതാ അവധി അനുവദിക്കുന്നതോടൊപ്പം ഇത്തരം കേസ്സുകൾ കൂടി ഉൾപ്പെടുത്തി കെ.എസ്.ആർ. ചട്ടം 98 ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | ഇത്തരം കേസുകൾ വളരെ അപൂർവ്വമായതിനാൽ കെ.എസ്.ആർ-ൽ ഭേദഗതി കൊണ്ടുവരേണ്ടതില്ല. ഓരോ കേസും പരിശോധിച്ച് സർക്കാരിന് തീരുമാനമെടുക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**